(ഡി) സംസ്ഥാനത്തെ പത്ത് ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെയാണ് പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കുന്നത്. കേരഫെഡിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന ടി പദ്ധതിക്കായി 2012-13-ൽ കൃഷിവകുപ്പിന്റെ മാർക്കറ്റ് ഇന്റർവെൻഷൻ പദ്ധതിപ്രകാരം 2100 ലക്ഷം രൂപ കേരഫെഡിന് നൽകിയിട്ടുണ്ട്. കൂടാതെ 2014-15-ൽ പ്രത്യേക ധനസഹായമായി 144.25 ലക്ഷം രൂപയും പദ്ധതിക്കായി കേരഫെഡിന് നൽകിയിരുന്നു. ആഴ്ചയിൽ രണ്ട് ദിവസമാണ് കൃഷിഭവനുകളിൽ സംഭരണം നടത്തുന്നത്. സംഭരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രസ്തുത കൃഷിഭവനുകളിൽ ഓരോ അക്കൗണ്ടന്റിനെയും രണ്ട് തൊഴിലാളികളെയും കേരഫെഡ് നിയമിച്ചിട്ടുണ്ട്. കൂടാതെ സംഭരണ പരിപാടികൾക്ക് മേൽനോട്ടം വഹിക്കാൻ കൃഷിവകുപ്പിൽനിന്നും ഉദ്യോഗസ്ഥരെ കേരഫെഡിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

വിവാഹധൂർത്ത് തടയാൻ നടപടി

21 (*441) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആഡംബര വിവാഹങ്ങളും ധൂർത്തും നിയന്ത്രിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) വിവാഹ ധൂർത്തിനെതിരായുള്ള വനിതാ കമ്മീഷന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിവേദനത്തിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-സി) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള വനിതാ കമ്മീഷൻ മുമ്പാകെ ചേർക്കുംപ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട് :

1. വിവാഹങ്ങളിലെ ആർഭാടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അത് നിയമനിർമ്മാണത്തിന്റെ ബലത്തോടുകൂടിമാത്രമേ സാദ്ധ്യമാകുകയുള്ളൂ എന്നതിനാൽ വിവാഹങ്ങളിലെ ധൂർത്തും ആർഭാടവും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly

2. വിവാഹത്തോടനുബന്ധിച്ച് ഇന്ന് ഒന്നിൽക്കൂടുതൽ ചടങ്ങുകൾ നടത്തപ്പെടുന്നുണ്ട്. അത് ഒന്ന് മാത്രമായി ചുരുക്കി നിശ്ചയിക്കണം.

3. വിവാഹനിശ്ചയത്തിനും ഒന്നിൽക്കൂടുതൽ ചടങ്ങുകൾ നടത്തുന്ന സ്ഥിതിയുണ്ട്. ഇതും ഒരു ചടങ്ങ് മാത്രമായി നിജപ്പെടുത്തണം.

4. വിവാഹനിശ്ചയത്തിനും വിവാഹത്തിനും ക്ഷണിക്കപ്പെടുന്ന അതിഥികളുടെ എണ്ണം നിയന്ത്രിക്കണം. വിവാഹനിശ്ചയത്തിന് ഇത് അമ്പത് കുടുംബാംഗങ്ങളെന്നും (വരന്റെയും വധുവിന്റെയും ഭാഗത്തുനിന്നും 25 പേർ വീതം) വിവാഹത്തിന് 250 എന്നും (വരന്റെയും വധുവിന്റെയും ഭാഗത്തുനിന്ന് 125 പേർ വീതം) എന്നും നിശ്ചയിക്കാവുന്നതാണ്.

5. വിവാഹത്തോടനുബന്ധിച്ചുണ്ടാകുന്ന ഓരോയിനം ചെലവുകളും നിയന്ത്രണ വിധേയമാക്കണം. ഓരോയിനത്തിലും എത്ര രൂപവരെ ചെലവാക്കാമെന്നത് താഴെ സൂചിപ്പിക്കുന്നു.

(എ) വിവാഹക്ഷണക്കത്ത് ഒരെണ്ണത്തിന് 25 രൂപവരെ

(ബി) വിവാഹപ്പന്തൽ/ആഡിറ്റോറിയം വാടക അമ്പതിനായിരം രൂപവരെ

ഇതിൽക്കൂടുതൽ ചെലവാക്കിയാൽ കൂടുതലാകുന്ന തുകയ്ക്ക് സമാനമായ തുക പെനാൽറ്റിയായി സർക്കാരിലേക്ക് അടയ്ക്കണം.

(സി) വിവാഹപ്പന്തൽ/ആഡിറ്റോറിയം അലങ്കാരങ്ങളും വിവാഹമണ്ഡപത്തിലെ ചടങ്ങുകളും അമ്പതിനായിരം രൂപവരെ

(ഡി) വിവാഹസദ്യ ഒരാൾക്ക് 150 രൂപവരെ

(ഇ) വധുവിന്റെ വസ്ത്രങ്ങൾക്ക് ഇരുപതിനായിരം രൂപവരെ

(എഫ്) വരന്റെ വസ്ത്രങ്ങൾക്ക് പതിനയ്യായിരം രൂപവരെ

(ജി) വധുവിന് സ്വർണ്ണാഭരണങ്ങൾ പത്ത് പവൻ വരെ.

(എച്ച്) വരന് സ്വർണ്ണാഭരണങ്ങൾ (താലിമാല അടക്കം) അഞ്ചു പവൻ വരെ.

6. വിവാഹച്ചെലവുകൾ സംബന്ധിച്ച് വരന്റെ ഭാഗത്തുനിന്നും വധുവിന്റെ ഭാഗത്തുനിന്നും ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിന് നിയമം അനുശാസിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

7. വിവാഹത്തിന്റെ ചെലവുകൾ ഉദ്ദേശം നിജപ്പെടുത്തി അത് സംബന്ധിച്ച ഡിക്ലറേഷൻ വിവാഹം നടത്തിക്കൊടുക്കുന്ന മതാചാര്യൻ നൽകണമെന്ന് അനുശാസിക്കണം.

8. വിവാഹങ്ങൾ ലളിതമായി നടത്തുന്നതിന് ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കണം.

9. നിയമത്തിൽ അനുശാസിക്കുന്നതിനേക്കാൾ കൂടുതൽ ചെലവാക്കിക്കൊണ്ട് ആർഭാടപൂർണ്ണമായി വിവാഹം നടത്തുന്നവരിൽനിന്ന് മൊത്തം ചെലവിന്റെ 25% പിഴയായി സർക്കാർ ഈടാക്കുന്നതിന് നിയമത്തിൽ വകപ്പുകൾ ഉണ്ടാകണം.

10. പൊന്നും പട്ടും ഉണ്ടായാലേ വിവാഹം ആകുമ്പള്ള തുടങ്ങിയ രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കണം.

കേരള വനിതാ കമ്മീഷൻ ശിപാർശ പ്രകാരം ആർഭാട വിവാഹങ്ങളും വിവാഹങ്ങളോടനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമാണെന്ന് മാത്രമല്ല പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ട് പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാം വിധമല്ലാതെയായാൽ അങ്ങനെയുള്ള ഏത് നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹ ധൂർത്തിനെതിരെ നിയമനിർമ്മാണം നടത്തുന്നതിന് മുമ്പ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടതെന്നതിനാൽ മതമേലദ്ധ്യക്ഷന്മാരുമായും രാഷ്ട്രീയ കക്ഷികളുമായും സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly